പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 712

11.12.2012 ൽ
മറുപടിക്ക്

## ഇ-ജില്ലാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, എം.എ. വാഹിദ്<br>,, സണ്ണി ജോസഫ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ-ജില്ലാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | എ) സർക്കാർ സേവനങ്ങൾ കാര്യക്ഷമമായി സ്വീകരിക്കാനുതകും വിധം വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുകയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ലക്ഷ്യം. ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവന കേന്ദ്രത്തിൽ (അക്ഷയ) നിന്നും ഓൺലൈൻ വഴി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി.<br>അതായത് വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണം പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട ഓഫീസുകളിൽ നിരവധി തവണ കയറിയിറങ്ങാതെ തന്നെ വിവിധ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെയുള്ള സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ ലഭിക്കുക.<br>ജില്ലാതലത്തിലെയും അതിന് താഴെയുള്ളതുമായ ഭരണസംവിധാനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക, വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം, വില്ലേജ് തലം വരെ ഐ.ടി. അടിസ്ഥാന സൗകര്യം ഒരുക്കുക എന്നിവയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നുണ്ട് ; | (ബി) കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കോട്ടയം, മലപ്പുറം ജില്ലകളിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട് |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസി വഴിയാണ് ; | (സി) ഇ-ഡിസ്ട്രിക്ട് പദ്ധതി നടത്തിപ്പ് ഏജൻസി KSITM ആണ്. സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നത് അക്ഷയ കേന്ദ്രങ്ങൾ മുഖേനയാണ്. |

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ ?

(ഡി) റവന്യൂ വകുപ്പിന്റെ 23 സേവനങ്ങളാണ് ഇപ്പോൾ ഇ-ഡിസ്ട്രിക്ട് വഴി വിതരണം ചെയ്യുന്നത്. സംസ്ഥാനതലത്തിൽ പദ്ധതി വ്യാപിപ്പിക്കുമ്പോൾ മറ്റ് വകുപ്പുകളുടെ സേവനങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഉൾപ്പെടുത്തുന്ന സേവനങ്ങളുടെ database ഇ-ഡിസ്ട്രിക്ടുമായി link ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ കലക്ടർ തലവനായ ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റിയ്ക്കാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടത്തിപ്പിന്റെ ചുമതല. ഇത്തരത്തിലുള്ള ൧൪ ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ